## പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6804** **13/07/2012 ൽ മറുപടിക്ക്**

**ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം**

**ചോദ്യം** **മറുപടി**

**ശ്രീ. വി. ഡി. സതീശൻ**
**ശ്രീ. കെ. അച്ചുതൻ**
**ശ്രീ. ഹൈബി ഈഡൻ**
**ശ്രീ. വി. റ്റി. ബൽറാം**

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ ജനറിക്ക് മരുന്നുകൾ സൗജന്യമായി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | സർക്കാർ ആശുപത്രികളിലെ എല്ലാ വിഭാഗം (ആദായനികുതി അടക്കുന്നവർ ഒഴികെ) രോഗികൾക്കും ജനറിക് മെഡിസിൻ സൗജന്യമായി വിതരണം ചെയ്യുന്നതിനായി 07/06/2012 ലെ സർക്കാർ ഉത്തരവ് (കൈ) നം. 170/2012/ആ.കു.വ പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഡോക്ടർമാർ ജനറിക് നാമത്തിലുള്ള മരുന്നുകൾ കുറിച്ചുകൊടുത്താൽ മാത്രമേ അത്തരം മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് സൗജന്യമായി സർക്കാർ ആശുപത്രികൾ മുഖേന രോഗികൾക്ക് ലഭ്യമാക്കുവാനും കഴിയുകയുള്ളു. |
| (ബി) | ജനറിക്ക് മരുന്നുകളുടെ സവിശേഷതകൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | മരുന്നുകൾ അവയുടെ രാസനാമത്തിൽ ത്തന്നെ പൊതുവായി അറിയപ്പെടുന്നതാണ് ജനറിക് നെയിം. ജനറിക് നാമത്തിലുള്ള മരുന്നുകൾ അവ ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾക്കനുസരിച്ച് അവർ സ്വന്തമായ ബ്രാൻഡ് നെയിം (ട്രേഡ് നെയിം) നൽകുന്നുണ്ട്. മരുന്നുകൾ ജനറിക് നാമത്തിൽതന്നെ വളരെ കൂടുതൽ അളവിൽ വാങ്ങുമ്പോൾ ആ മരുന്നുകൾ ഉൽപാദിപ്പിക്കുന്ന ഏത് കമ്പനിക്കും അവരുടെ ട്രേഡ് നാമം പരിഗണിക്കാതെ ലഭ്യമാക്കാമെന്നതിനാൽ ഗണ്യമായ വിലക്കുറവിലാണ് ഈ മരുന്നുകൾ ഇപ്പോൾ സംഭരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഇതിനുള്ള സാമ്പത്തിക ബാദ്ധ്യത എങ്ങനെ മറികടക്കാനാണ് ഉദ്ദേശിക്കുന്നത് ; | (സി) | 30/06/2012 ലെ സർക്കാർ ഉത്തരവ് (കൈ) നം. 200/2012/ആ.കു.വ പ്രകാരം ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യ മായ തുക സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പനയിൽ 1% സെസ്സ് ചുമത്തി ഈടാക്കുവാൻ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ആയത് എന്ന് മുതൽ പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | സർക്കാർ ആശുപത്രികളിലെ എല്ലാ വിഭാഗം (ആദായനികുതി അടക്കുന്നവർ ഒഴികെ) രോഗികൾക്കും ജനറിക് മെഡിസിൻ സൗജന്യമായി 2012 നവംബർ മാസം 1-ാം തീയതി മുതൽ വിതരണം ചെയ്യുവാനാണ് തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ